# കേരള സർവകലാശാല

തിരുവനന്തപുരം-695034
അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
ഹെഡ്ക്വാർട്ടേഴ്സ് സെക്ഷൻ, തിരുവനന്തപുരം
ഫോൺ-0471-2386277

<u>വിറക് വിൽപ്പന - ലേല പരസ്യം</u>

കേരള സർവകലാശാലയ്ക്കു കീഴിൽ പി.എം.ജി ജംഗ്ഷനിൽ പ്രവർത്തിക്കുന്ന സ്റ്റുഡൻസ് സെന്റർ കെട്ടിടത്തിന്റെ പുറകിലായി മുറിച്ചിട്ടിരിക്കുന്നതും വിറക് ആവശ്യത്തിന് ഉപയോഗിക്കാവുന്നതുമായ മരച്ചില്ലകൾ വാങ്ങുന്നതിന് താൽപര്യമുള്ളവരിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. വെള്ളപേപ്പറിൽ തയ്യാറാക്കിയ ക്വട്ടേഷനുകൾ 2015 ആഗസ്റ്റ് 13 വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് മുമ്പ് ലഭിക്കത്തക്കവിധത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ നൽകേണ്ടതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച വ്യക്തിക്ക് രജിസ്ട്രാറുടെ അനുമതിക്കു വിധേയമായി വിൽപ്പന സ്ഥിരപ്പെടുത്തി നൽകുന്നതും ടിയാൻ 3 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ മുഴുവൻ തുകയും സർവകലാശാല ക്യാഷ് കൗണ്ടറിൽ അടച്ച് രസീത് വാങ്ങേണ്ടതും 5 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സർവകലാശാല ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ടി സാധനം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതുമാണ്. ക്വട്ടേഷൻതുകയോടൊപ്പം 14.5 % വാറ്റ് +1% സെസ്സ് എന്നിവകുടി ഒടുക്കേണ്ടതാണ്.

ക്വട്ടേഷനുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനുമുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനു മുമ്പ് ടി സാധനം നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ഇതു സംബന്ധിച്ച് പിന്നീട് പരാതി ഉന്നയിക്കാൻ പാടില്ലാത്തതുമാണ്.

തിരുവനന്തപുരം

05/08/2015 അസിസ്റ്റന്റ് എൻഞ്ചിനീയർ